# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2802 — 10.03.2017 - ൽ മറുപടിയ്ക്ക്

## ചെമ്പനരുവി സെന്റ് പോൾസ് എം.എസ്.സി.എൽ.പി. സ്കൂളിന്റെ അപ്ഗ്രഡേഷൻ

**ചോദ്യം**
ശ്രീ. കെ.ബി. ഗണേഷ് കുമാർ

**ഉത്തരം**
പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിൽ പിറവന്തൂർ പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന ചെമ്പനരുവി സെന്റ് പോൾസ് എം.എസ്.സി.എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) യും (ബി) യും | സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുന്നതും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും, സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 3060/14 - ഉൾപ്പെടെയുള്ള ഒരു കൂട്ടം ഹർജികളിന്മേലുള്ള 18.06.2015 - ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തുകയും പ്രസ്തുത പ്രദേശങ്ങൾ ഉൾപ്പെടുത്തി കരട് വിജ്ഞാപനം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ അഞ്ചാം ക്ലാസ് തുടങ്ങുന്നതിനാവശ്യമായ പ്രദേശങ്ങളുടെ പട്ടിക (ഷെഡ്യൂൾ III) യിൽ കൊല്ലം ജില്ലയിലെ പിറവന്തൂർ പഞ്ചായത്തിലെ ചെമ്പനരുവി ഉൾപ്പെടുന്ന 3 - ാം വാർഡ് ഉൾപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ വിധി മുൻനിർത്തി ചെമ്പനരുവി സെന്റ് പോൾസ് എം.എസ്.സി.എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ